പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3481 15/07/2015 ൽ മറുപടിക്ക്

**അങ്കമാലി താലൂക്ക് ആശുപത്രി**

| ചോദ്യം<br>**ശ്രീ.ജോസ് തെറ്റയിൽ** | | ഉത്തരം<br>ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ആയിരക്കണക്കിന് രോഗികൾ ദിനംപ്രതി ചികിത്സയ്ക്കായെത്തുന്ന അങ്കമാലി സർക്കാർ ആശുപത്രിയെ താലൂക്ക് ആശുപത്രിയായി ഉയർത്തിയിട്ട് 4 വർഷം കഴിഞ്ഞിട്ടും ഡോക്ടർ, നഴ്സ്, മറ്റ് ജീവനക്കാർ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കുവാനും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കാത്തതിനുള്ള കാരണം വിശദമാക്കാമോ; | (എ) | 26/02/11-ലെ ജി.ഒ.(എം.എസ്.) നം. 129/2011/ആ.കു.വ. എന്ന ഉത്തരവ് പ്രകാരം 2 ജൂനിയർ കൺസൾട്ടന്റ്, രണ്ട് അസിസ്റ്റന്റ് സർജൻ എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ അടിസ്ഥാന സൗകര്യ വികസനത്തിനായി ഫാർമസി സ്റ്റോർ റൂം, ഒ.പി. ബ്ലോക്ക് എക്സ്റ്റൻഷൻ, അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, കോൺഫറൻസ് ഹാൾ എന്നിവയുടെ നിർമ്മാണത്തിനായി 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16 ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടി സ്വീകരിക്കാവുന്നതാണ്. |
| ബി) | ഇതു സംബന്ധിച്ച് സമർപ്പിച്ച നിരവധി നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ; | (ബി) | അടിസ്ഥാന സൗകര്യ വികസനത്തിന് 60 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് 2015-16 ലെ നബാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള ശുപാർശ ലഭിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സൗകര്യങ്ങൾ എന്നത്തേക്ക് ഏർപ്പെടുത്തുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**